പ്രതിമാസം ആയിരം യൂണിറ്റ് ഉപയോഗിക്കുന്നവർ ആകെ 4705.50 രൂപ ഒടുക്കണം. ഇത് കൂടാതെ 1-10-2002-ന് മുമ്പ് വരെ നിലവിലുണ്ടായിരുന്ന യൂണിറ്റ് നിരക്ക് അനുസരിച്ചുള്ള തുകയുടെ 10% ഡ്യൂട്ടി ആയും മീറ്റർ റെന്റും ഓരോ ഉപഭോക്താവും നൽകേണ്ടതായിട്ടുണ്ട്. 1-10-2002 മുതൽ നിലവിൽ വന്ന വർദ്ധനവിന് ഡ്യൂട്ടി ബാധകമല്ല.

(സി) വൈദ്യുതി ഉല്പാദന പ്രസരണ-വിതരണ മേഖലകളിൽ ഉപയോഗിക്കുന്ന സാധന സാമഗ്രികളുടെ വിലയിലെ വർദ്ധനവ്, വായ്പകൾക്ക് കൊടുക്കേണ്ടിവരുന്ന പലിശ, എൻ.ടി.പി.സി. നെയ്വേലി ലിഗ്നൈറ്റ് കോർപ്പറേഷൻ, ന്യൂക്ലിയർ പവർ കോർപ്പറേഷൻ എന്നിവയിൽ നിന്നും വാങ്ങുന്ന താപവൈദ്യുതി, കായംകുളം, ജി.എസ്.ഇ.എസ്. തുടങ്ങിയ കേരളത്തിലെ ഉല്പാദന നിലയങ്ങളിൽ നിന്നും വാങ്ങേണ്ടി വരുന്ന വില കൂടിയ താപവൈദ്യുതി, പവർഗ്രിഡ് കോർപ്പറേഷന് കൊടുക്കേണ്ടി വരുന്ന കൂടിയ വീലിംഗ് ചാർജ്, ബി.ഡി.പി.പി., കെ.ഡി.പി.പി. എന്നീ ഉല്പാദന കേന്ദ്രങ്ങളിലേക്ക് വാങ്ങേണ്ടി വരുന്ന ഇന്ധനത്തിന്റെ ചെലവിലുണ്ടായ വർദ്ധനവ്, കാലവർഷത്തിന്റെ അഭാവം മൂലം വില കൂടിയ താപവൈദ്യുതിയെ കൂടുതലായി ആശ്രയിക്കേണ്ടി വന്നത് എന്നിവയൊക്കെ വൈദ്യുതി ബോർഡിന്റെ ചെലവ് വരവിനെക്കാൾ കൂടുതലായി. ഇവ തമ്മിലുള്ള അന്തരം കുറച്ച് ബോർഡിന്റെ വൻ സാമ്പത്തിക ബാദ്ധ്യത കുറയ്ക്കുവാൻ വേണ്ടിയാണ് വൈദ്യുതി ചാർജ് വർദ്ധിപ്പിക്കേണ്ടി വന്നത്.

ബി.എസ്.ഇ.എസ്. വൈദ്യുത പദ്ധതിയിൽ നിന്ന് ലഭിക്കുന്ന വൈദ്യുതി ചാർജ്

7 (2285) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബി.എസ്.ഇ.എസ്. വൈദ്യുത പദ്ധതിയിൽ നിന്ന് ലഭിക്കുന്ന വൈദ്യുതിയുടെ ഫിക്സഡ് ചാർജ് എത്ര രൂപയാണ് ;

(ബി) പദ്ധതിയുടെ ഡേറ്റ് ഓഫ് കമ്മിഷനിംഗ് എന്താണ് ;

(സി) എത്ര മെഗാവാട്ട് വൈദ്യുതിയുടെ സ്ഥാപിത ശേഷിയാണ് പദ്ധതിക്കുള്ളത് ;

(ഡി) വൈദ്യുത നിലയത്തിന്റെ ഇപ്പോഴത്തെ പ്രധാന ഓഹരി ഉടമ ആരാണ് ;

(ഇ) ബി.എസ്.ഇ.എസ്.-ന്റെ മുൻചെയർമാനും ഇപ്പോഴത്തെ കേന്ദ്രപവർ സെക്രട്ടറിയും ഒരാൾ തന്നെയാണോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ബി.എസ്.ഇ.എസ്., കേരള പവർ ലിമിറ്റഡ് എന്ന പദ്ധതിയിൽ നിന്നും വാണിജ്യാടിസ്ഥാനത്തിൽ ഉല്പാദനം ആരംഭിച്ചുകഴിഞ്ഞാൽ 80% പ്ലാന്റ് ലോഡ് ഫാക്ടറിൽ ഉല്പാദനവും ഡോളറിന്റെ മൂല്യം (ഒരു യു.എസ്. ഡോളർ 47 രൂപയായി കണക്കാക്കിയാൽ) ഒന്നാം ചാർജ്ജായി 1 രൂപ 14 പൈസ നൽകേണ്ടതാണ്. ഓരോ വർഷവും ഈ തുകയിൽ മാറ്റം വരുന്നതാണ്.

(ബി) താഴെപ്പറയുന്ന തീയതികളിലാണ് ഓരോ യൂണിറ്റും കെ.എസ്.ഇ.ബി. സിസ്റ്റവുമായി ബന്ധപ്പെടുത്തി പ്രവർത്തിച്ചു തുടങ്ങിയത്.

ഒന്നാം യൂണിറ്റ്	6-6-1999
രണ്ടാം യൂണിറ്റ്	2-8-1999
മൂന്നാം യൂണിറ്റ്	4-12-1999
സ്റ്റീൽ ടർബൈൻ	20-11-2000

(സി) 165.50 എ.ഡബ്ല്യു.

(ഡി) പ്രധാന ഓഹരി ഉടമകൾ താഴെപ്പറയുന്നവയാണ്.

1. ബി.എസ്.ഇ., മുംബൈ
2. കെ.എസ്.ഐ.ഡി.സി., തിരുവനന്തപുരം

(ഇ) ഇപ്പോഴത്തെ കേന്ദ്രപവർ സെക്രട്ടറി ശ്രീ. ആർ.വി. ഷാഹി, ബി.എസ്.ഇ.എസ്.-ന്റെ മുൻ സി.എം.ഡി. ആയിരുന്നു.

വൈദ്യുതി ചാർജ് പിരിച്ചെടുക്കുന്നതിൽ കാലതാമസം

8 (2286) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ.എസ്.ഇ.ബി. വൈദ്യുതി ചാർജ്ജ് പിരിച്ചെടുക്കുന്നതിൽ കാലതാമസം വരാനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

വൈദ്യുതി ചാർജ്ജ് പിരിച്ചെടുക്കുന്നതിൽ സാധാരണഗതിയിൽ കാലതാമസം വരാറില്ല. എന്നാൽ ഗവൺമെന്റ് ഓഫീസുകൾ, സ്ഥാപനങ്ങൾ, വാട്ടർ അതോറിറ്റി തുടങ്ങിയ സ്ഥാപനങ്ങൾ യഥാസമയം പണം അടയ്ക്കുന്നില്ല. കേസുകളിലും റവന്യൂ റിക്കവറി നടപടികളിലും ഉൾപ്പെടുന്നതുമൂലവും കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ കാലതാമസം നേരിടാറുണ്ട്.